12422
23/9/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - NGO പങ്കാളിത്തത്തോടെ വൃദ്ധസദനം - ആരംഭിക്കുന്ന പദ്ധതി - അംഗീകാരത്തിനായി ലഭ്യമായ അപേക്ഷകൾ പരിശോധിക്കുന്നതിനായി സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.570/2015/സാനീവ തിരുവനന്തപുരം, തീയതി, 14.09.2015

================================================================================

പരാമർശം : 1. 18.8.2014 ലെ സ.ഉ (സാധാ) നം. 530/14/സാനീവ ഉത്തരവ്
2. 10.06.2015 ലെ സ.ഉ (സാധാ) നം. 354/15/സാനീവ ഉത്തരവ്
3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 9.07.2015 ലെ ജി3/16003/14 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ 14 ജില്ലകളിലും NGO പങ്കാളിത്തത്തോടെ വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി 2235-02-104-83 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 3,73,38,000/- രൂപ ചെലവഴിക്കുന്നതിനും എന്നാൽ സാമ്പത്തികവർഷാവസാനമായതിനാൽ ടി പദ്ധതി 2015-16 സാമ്പത്തികവർഷം നടപ്പാക്കുന്നതിനും മേൽപറഞ്ഞ സർക്കാർ ഉത്തരവ് പുനർ നിർണ്ണയിച്ചുകൊണ്ട് പരാമർശം (2) വഴിയായി ഉത്തരവായിരുന്നു. 6 ജില്ലകളിൽ നിന്നും ലഭ്യമായ NGO കളുടെ അപേക്ഷ അംഗീകരിക്കുന്നതിനായി പരാമർശം (3) ലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും NGO പങ്കാളിത്തത്തോടെ വൃദ്ധസദനം ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ വിശദമായി പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറും സാമൂഹ്യനീതി വകുപ്പ ഡയറക്ടർ, ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഇവർ അംഗങ്ങളുമായി ഒരു സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ.ഷാജഹാൻ**

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ് ഭവൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ